**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **05-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു. ജി. സി. അംഗീകാരം ലഭിക്കുന്ന പക്ഷം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ പൂർണ്ണമായും നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്, വകുപ്പ് 47(2)-ൽ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ അധികാര പരിധിയിൽ ആയിരുന്ന വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാലകളിൽ നിന്നും മാറ്റിയും ഒഴിവാക്കിയും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുമ്പോൾ പാരലൽ കോളേജ് മേഖലയുടെ ഭാവി പൂർണമായും ഇല്ലാതാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | യു.ജി.സിയുടെ നിലവിലെ മാനദണ്ഡം പ്രകാരം റെഗുലർ അല്ലാത്ത വിദ്യാഭ്യാസം വിദൂരവിദ്യാഭ്യാസമെന്ന വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. |
| (സി) | പാരലൽ കോളേജ് മേഖല ഇല്ലാതാക്കുന്നത് സ്വകാര്യ കോളേജുകളെ സംരക്ഷിക്കാനാണെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് അറിയിക്കാമോ? | (സി) | സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്ന് 3 വിഭാഗങ്ങളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ